## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** | **30-01-2024 - ൽ മറുപടിയ്ക്ക്**

## കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട വിഹിതത്തിൽ വന്ന കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ., ശ്രീ. എം. എം. മണി, ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട വിഹിതം വൻതോതിൽ കുറഞ്ഞതും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വരുത്തിയ ആഘാതം കുറയ്ക്കുന്നതിനായി ചെലവുകൾ കൃത്യമായി നിയന്ത്രിക്കുന്നതിനും തനതു വരുമാനം ഉയർത്തുന്നതിനും സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ 2023-24 വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മൈനിംഗ് ആൻഡ് ജിയോളജി, തദ്ദേശ സ്വയംഭരണം, ജലസേചനം, മോട്ടോർ വാഹനം, എക്സൈസ്, രജിസ്ട്രേഷൻ, റവന്യൂ എന്നീ വകുപ്പുകളിലേയും, വാണിജ്യ, വ്യവസായിക യൂണിറ്റുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുത തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് എന്നീ ഇനങ്ങളിലേയും നിരക്ക് വർദ്ധനവിലൂടെ 2023-24 സാമ്പത്തിക വർഷം 2955 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയാണ്. അതോടൊപ്പം, നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. തനത് നികുതി വരുമാനത്തിൽ 2022-23 വർഷത്തിൽ 13627.64 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് ഇന്ത്യയിലെ ഏറ്റവുമധികം തനത് വരുമാനം വർദ്ധിച്ച സംസ്ഥാനമായി RBI റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തിൽ 2023 ഡിസംബർ വരെ 63507.35 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇത് ബജറ്റ് എസ്റ്റിമേറ്റിന്റെ 64.72 ശതമാനമാണ്.** നിലവിലെ സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ രൂപരേഖ തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും |

| | | | |
|---|---|---|---|
| | | | മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ വിവിധയിനത്തിൽ ഏകദേശം അൻപത്തിയേഴായിരം കോടി രൂപ വെട്ടിക്കുറച്ച നടപടി നേരിടുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ കേന്ദ്ര സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക ഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ട് വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂകമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ |

| | | | |
|---|---|---|---|
| | | | പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള ശ്രമം തുടരുന്നതാണ്. |
| (സി) | ഇതുസംബന്ധിച്ച് സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾ, സാമ്പത്തിക അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി നിയമ പോരാട്ടം നടത്തുന്നത് പരിഗണനയുലുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി നിയമനടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ